**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3418** **14-07-2022 - ൽ മറുപടിയ്ക്ക്**

**കേരഫെഡിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ കേരഫെഡ് എം.ഡി.യുടെ നിയമനം നടന്ന തീയതിയും എത്ര പേർ പങ്കെടുത്ത ഇന്റർവ്യൂവിൽ നിന്നാണ് എം.ഡി. യെ തിരഞ്ഞെടുത്തത് എന്നതും വിശദമാക്കാമോ; എം.ഡി.യുടെ ശമ്പളം, നിയമന കാലാവധി തുടങ്ങിയവ നിശ്ചയിച്ചിട്ടുണ്ടോ; നിലവിലെ എം.ഡി.ക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; | (എ) | 14.12.2021 ലെ സ.ഉ(സാധാ)നം.1015/2021/കൃഷി ഉത്തരവ് പ്രകാരമാണ് ശ്രീ.അശോക്.ആർ-നെ കേരഫെഡ് മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുള്ളത്. 08.07.2022 ലെ സ.ഉ. (സാധാ) നം. 611/2022കൃഷി പ്രകാരം ടിയാന്റെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. നിലവിലെ എം.ഡി യ്ക്ക് എതിരെ വിജിലൻസ് അന്വേഷണം ഇല്ല. |
| (ബി) | 2000 ന് ശേഷം നാളിതു വരെ എത്രപേർക്ക് പി.എസ്.സി. വഴി കേരഫെഡിൽ നിയമനം നൽകി; നിലവിൽ കരാർ, ദിവസവേതനാടിസ്ഥാനത്തിൽ എത്ര പേർ കേരഫെഡിൽ ജോലി ചെയ്യുന്നു; ഇതിൽ ഈ വർഷം എത്ര പേരെ സ്ഥിരമാക്കാൻ തീരുമാനം എടുത്തിട്ടുണ്ട്; | (ബി) | നിയമനചട്ടത്തിന്റെ അഭാവത്തിൽ, കേരഫെഡിൽ പി.എസ്.സി വഴി നിയമനം നടത്തിയിട്ടില്ല. നിലവിൽ കേരഫെഡിൽ കരാർ, ദിവസ വേതനാടിസ്ഥാനത്തിൽ 72 പേർ (കരാർ-23, ദിവസവേതനം-49) ജോലി ചെയ്യുന്നുണ്ട്. ആരെയും സ്ഥിരപ്പെടുത്താൻ തീരുമാനമെടുത്തിട്ടില്ല. |
| (സി) | 2016 ൽ കേരഫെഡിൽ നിന്നും പുറത്താക്കിയ അതെ എം.ഡി.ക്ക് വീണ്ടും നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ എന്ത് കൊണ്ട്? | (സി) | നിലവിലെ എം.ഡി. ആയ ശ്രീ.അശോക്.ആർ 18.02.2016 മുതൽ 29.06.2016 വരെ കേരഫെഡിൽ എം.ഡി ആയി സേവനമനുഷ്ഠിച്ചിരുന്നു. ടിയാന്റെ പ്രവൃത്തിപരിചയം കണക്കിലെടുത്താണ് വീണ്ടും നിയമനം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ